**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **12-01-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യപ്രവർത്തകരിലെ കോവിഡ് ബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് രോഗം പകരുന്നതിന് ഏറ്റവും കൂടുതൽ സാധ്യതയുള്ളത് ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ആണെന്നിരിക്കെ ഇവരിലേക്ക് രോഗം പകരുന്നത് തടയുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | എല്ലാ ആരോഗ്യപ്രവർത്തകർക്കും കോവിഡ് രോഗപ്രതിരോധ നിയന്ത്രണത്തോടനുബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. ആരോഗ്യ-പ്രവർത്തകർക്കാവശ്യമായ സ്വയരക്ഷാ മാനദണ്ഡ പ്രകാരമുള്ള PPE കിറ്റ് ഉൾപ്പെടെയുള്ള എല്ലാ പ്രതിരോധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ഉറപ്പുവരുത്തുകയും, ആശുപത്രികളിൽ അണുബാധ നിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുകയും, ഇതു കൃത്യമായി നടപ്പിലാക്കുന്നതിനായി infection control committee കളെ ചുമതലപ്പെടുത്തി, ആശുപത്രികളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനവും നടത്തി വരുന്നു. എന്തെങ്കിലും രോഗലക്ഷണങ്ങൾ കാണുന്ന ജീവനക്കാർക്ക് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനയും ചികിത്സയും നൽകി വരുന്നു. കോവിഡ് മൂലം മരണപ്പെടുന്ന ജീവനക്കാർക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇതിനകം എത്ര ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും കോവിഡ് ബാധയുണ്ടായെന്നും അതിൽ എത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്ത് 05/01/2021 വരെ ഡോക്ടർമാർ. നേഴ്സുമാർ. പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുൾപ്പെടെ ആകെ 14158 ജീവനക്കാർക്ക് കോവിഡ് ബാധിച്ചിട്ടുണ്ട്. അതിൽ ആകെ 10 പേർ മരണപ്പെട്ടതിൽ 6 പേർ സർക്കാർ മേഖലയിലും 4 പേർ സ്വകാര്യമേഖലയിലും ജോലി ചെയ്യുന്നവരാണ്. |
| (സി) | കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പ്രാഥമിക പരിഗണന ആരോഗ്യപ്രവർത്തകർക്കാണെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലെ എത്ര | (സി) | കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പ്രാഥമിക പരിഗണന സർക്കാരിലും, സ്വകാര്യമേഖലയിലുള്ള ആശുപത്രി ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്കാണ്. 07/01/2021 വരെ സർക്കാർ |

| | | | |
|---|---|---|---|
| | ആരോഗ്യപ്രവർത്തകർ ഇതിനായി രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ? | | മേഖലയിൽ 167751 (ഒരു ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി അൻപത്തി ഒന്ന്) ആരോഗ്യപ്രവർത്തകർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവരും, സ്വകാര്യമേഖലയിലെ 187146 (ഒരു ലക്ഷത്തി എൺപത്ത് ഏഴായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി ആറ്) പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ